പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2962

13-07-2015 – ൽ മറുപടിയ്ക്ക്

**ജീവൻരക്ഷാ ബോട്ടുകൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ.പ്രദീപ്കുമാർ : | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
| എ) | മത്സ്യത്തൊഴിലാളികൾ അപകടത്തിൽപെട്ടാൽ രക്ഷിക്കുന്നതിനായി ഫിഷറീസ് വകുപ്പ് വാടകയ്ക്ക് എടുത്ത ബോട്ടുകളാണോ ഉപയോഗിക്കുന്നതെന്ന് വിശദമാക്കുമോ; | എ) | വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ബോട്ട് വാടകയ്ക്ക് എടുത്താണ് കടൽ പട്രോളിംഗും കടൽ രക്ഷാപ്രവർത്തനവും നടത്തിവരുന്നത്. |
| ബി) | ഇങ്ങനെ വാടകയ്ക്ക് എടുക്കുന്ന ബോട്ടുകളിൽ എന്തെല്ലാം ജീവൻ രക്ഷാ സംവിധാനങ്ങളാണ് സജ്ജീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; | ബി) | ജീവൻരക്ഷാ ബോട്ടുകളിൽ ലൈഫ്ബോയ്, ലൈഫ് ജാക്കറ്റ്, ഹീലിയോ ഗ്രാഫ്, റേഡിയോ ബീക്കൺ, ഫസ്റ്റ് എയ്ഡ് ബോക്സ്, കോമ്പസ്, റിഫ്ലക്ടർ മുതലായ സജ്ജീകരണങ്ങളും ജീവൻരക്ഷാ പ്രവർത്തനങ്ങളിൽ പരിശീലനം ലഭിച്ച 2 ലൈഫ് ഗാർഡുമാരുടെ സേവനവും ഉണ്ടായിരിക്കും |
| സി) | പ്രസ്തുത ബോട്ടുകൾ ക്ഷുഭിതമായ കടലിൽ രക്ഷാ പ്രവർത്തനങ്ങൾക്ക് പര്യാപ്തമാണോ; | സി) | അതെ. |
| ഡി) | പര്യാപ്തമാണെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ഡി) | 51 അടിയോ അതിൽ കൂടുതലോ നീളമുള്ളതും സ്റ്റീൽ ബോഡി നിർമ്മിതവും 8 വർഷത്തിലധികം പഴക്കം ഇല്ലാത്തതും ഏത് പ്രതികൂല കാലാവസ്ഥയിലും കടൽരക്ഷാ പ്രവർത്തനത്തിന് പര്യാപ്തവുമായ ബോട്ടുകളാണ് പട്രോളിംഗിന് ഉപയോഗിക്കുന്നത്. ഇത്തരം ബോട്ടുകൾ പട്രോളിംഗിന് ഉപയോഗിക്കുന്നതിന് മുമ്പ് ഫിഷറീസ് സ്റ്റേഷനുകളിലെ ടെക്നിക്കൽ ഉദ്യോഗസ്ഥർ പ്രസ്തുത ബോട്ടുകൾ പരിശോധിച്ച് seaworthiness ഉറപ്പാക്കാറുണ്ട്. |
| ഇ) | പ്രസ്തുത ബോട്ടുകളിൽ പരിശീലനം ലഭിച്ച ജീവനക്കാർ ഉണ്ടാകാറുണ്ടോ? | ഇ) | ഓരോ ബോട്ടിലും കടൽ രക്ഷാ പ്രവർത്തനത്തിനായി പരിശീലനം സിദ്ധിച്ച 2 കടൽ സുരക്ഷാ സേനാംഗങ്ങളും മറൈൻ എൻഫോഴ്സ്മെന്റ് ജീവനക്കാരും ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥന്മാരും ഉണ്ടാകാറുണ്ട്. |

സെക്ഷൻ ഓഫീസർ